ആദ്യം പാറ്റ, ഇപ്പോൾ ഈച്ച; സോഷ്യൽ മീഡിയയിൽ തരംഗമായി 'പറക്കുന്ന പാർട്ടികൾ'; എന്താണ് മഖി ജനതാ പാർട്ടി?

ന്യൂഡൽഹി: സുപ്രീം കോടതി ചീഫ് ജസ്റ്റിസ് സൂര്യകാന്തിന്റെ 'ഈച്ചയെ കൊല്ലാൻ ചുറ്റിക ഉപയോഗിക്കരുത്' എന്ന പരാമർശത്തിന് പിന്നാലെ തുടങ്ങിയ മഖി ജനതാ പാർട്ടി സമൂഹമാധ്യമങ്ങളിൽ ശ്രദ്ധ നേടുന്നു. വെറും 72 മണിക്കൂറിനുള്ളിൽ ഇൻസ്റ്റഗ്രാമിൽ 3.3 ലക്ഷത്തിലധികം ഫോളോവേഴ്സിനെയും 40 ലക്ഷത്തിലധികം വ്യൂസും നേടിയതായാണ് പാർട്ടി അവകാശപ്പെടുന്നത്. സമാനമായ രീതിയിൽ ശ്രദ്ധനേടിയ കോക്രോച്ച് ജനതാ പാർട്ടിയുമായി (സിജെപി) സഹകരിക്കാനും എംജെപി താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. മുഖ്യ തിരഞ്ഞെടുപ്പ് കമ്മിഷണർ ഗ്യാനേഷ് കുമാറിന്റെ രാജി ആവശ്യപ്പെട്ട് ഡൽഹിയിൽ പ്രതിഷേധം സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുഗതാഗത സംവിധാനങ്ങൾ വ്യാപകമായി നിയന്ത്രിച്ച ഹർജി പരിഗണിക്കവേയാണ് 'ഈച്ച' പരാമർശം ഉണ്ടായത്. ചീഫ് ജസ്റ്റിസ് സൂര്യകാന്തിന്റെ ബെഞ്ചാണ് 'ഈച്ചയെ കൊല്ലാൻ ചുറ്റിക ഉപയോഗിക്കരുത്' എന്ന പരാമർശം നടത്തിയത്. ഈ പരാമർശത്തിൽനിന്നാണ് 'മഖി ജനതാ പാർട്ടി' എന്ന പേര് രൂപപ്പെട്ടതെന്നാണ് റിപ്പോർട്ട്.

സ്ഥാപിതം
1964

സ്വതന്ത്രമണ്ഡപം
Independent Daily
പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാള്യം: 62 ലക്കം: 185 2026 ഒക്ടോബർ 14 ബുധൻ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

യുവാക്കളെ ജയിലിലടക്കുന്നത് ഭീരുത്വം

ജന്തർ മന്തർ ജനങ്ങളുടേത്, തിരിച്ചുപിടിക്കും...'; സിജെപിയെ പിന്തുണച്ച് രാഹുൽഗാന്ധി

ന്യൂഡൽഹി: ജന്തർ മന്തറിൽ പ്രതിഷേധിച്ചതിന്റെ പേരിൽ സി.ജെ.പി നേതാക്കളെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചതിൽ കേന്ദ്ര സർക്കാറിനെ രൂക്ഷമായി വിമർശിച്ച് ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി.

സി.ജെ.പിക്ക് പിന്തുണ പ്രഖ്യാപിച്ച രാഹുൽ, ജന്തർ മന്തറിൽ ത്രിവർണ പതാക വീശുന്നത് കുറ്റകരമായ പ്രവൃത്തിയല്ലെന്നും എക്സിൽ കുറിച്ചു. ജന്തർ മന്തറിൽ പ്രതിഷേധിച്ചതിന്റെ പേരിൽ അറസ്റ്റിലായ സി.ജെ.പി നേതാക്കളായ അശുതോഷ് റങ്ക, സൗരവ് ദാസ് എന്നിവരെ അഞ്ചു ദിവസത്തേക്ക് ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടതിനു പിന്നാലെയാണ് രാഹുലിന്റെ പ്രതികരണം. "ജന്തർ മന്തറിൽ സമാധാനപരമായ പ്രതിഷേധത്തിന്റെ ഭാഗമായി ത്രിവർണ പതാക വീശുന്നത് കുറ്റകരമായ പ്രവൃത്തിയല്ല. അതിന്റെ പേരിൽ യുവാക്കളെ ജയിലിലടക്കുന്നത് ഭീരുത്വമാണ്." -രാഹുൽ വിമർശിച്ചു.

ഗ്യാനേഷിൻറെ രാജി ആവശ്യപ്പെട്ട് രാജ്യത്തുടനീളം നടക്കുന്ന പ്രതിഷേധങ്ങൾക്കെല്ലാം ഒരേ ലക്ഷ്യമാണെന്നും രാഹുൽ പറഞ്ഞു. "വിദ്യാർഥികൾ, യുവാക്കൾ, മാധ്യമപ്രവർത്തകർ, ഇൻഡ്യ സഖ്യം, വ്യത്യസ്ത ബാനറുകൾ, ഒരേ ലക്ഷ്യം. എല്ലാ പ്രതിഷേധങ്ങളും ഒന്നുതന്നെയാണ് -തങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങൾക്കായി പോരാടുന്ന പൗരന്മാർ. ജന്തർ മന്തർ ഇന്ത്യയിലെ ജനങ്ങളുടേതാണ്. നമ്മൾ അത് തിരിച്ചുപിടിക്കുമെന്നും രാഹുൽ കൂട്ടിച്ചേർത്തു. അനുമതിയില്ലാതെ ജന്തർ മന്തറിലേക്ക് അതിക്രമിച്ചു കയറിയെന്ന് ആരോപിച്ചാണ് നേതാക്കളെ മുൻകരുതൽ നടപടിയുടെ ഭാഗമായി അറസ്റ്റ് ചെയ്തത്.

ക്ഷേത്രത്തിനകത്തുവെച്ച് പെൺകുട്ടിയെ കയറിപ്പിടിച്ചു

പൂണെ: മഹാരാഷ്ട്രയിലെ പുണെയിൽ ക്ഷേത്രത്തിനകത്തുവെച്ച് പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ലൈംഗികമായി ഉപദ്രവിക്കാൻ ശ്രമിച്ച യുവാവ് അറസ്റ്റിൽ. കരാർ ജീവനക്കാരനായ വിശാൽ സിങ്ങിനെ ആണ് പോലീസ് അറസ്റ്റ് ചെയ്തത്. പൂണെയിലെ പിംപ്രി-ചിഞ്ചാഡ് നഗരത്തിലെ നിഗ്ഡി പൊലീസ് സ്റ്റേഷൻ പരിധിയിലാണ് സംഭവം നടന്നത്. അതിക്രമത്തിന്റെ സിസിടിവി ദൃശ്യങ്ങൾ സാമൂഹിക മാധ്യമങ്ങളിൽ പ്രചരിച്ചിരുന്നു.

ഞായറാഴ്ച മാതാപിതാക്കളോടൊപ്പം ക്ഷേത്രദർശനത്തിനെത്തിയപ്പോഴാണ് അതിക്രമം ഉണ്ടായത്. ക്ഷേത്രത്തിലെ സിസിടിവി ദൃശ്യങ്ങളാണ് പ്രതിയെ തിരിച്ചറിയാനും അറസ്റ്റ് ചെയ്യാനും പൊലീസിന് നിർണായകമായത്. വിവരമറിഞ്ഞയുടൻ തന്നെ പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിക്കുകയും, സിസിടിവി ദൃശ്യങ്ങളുടെ സഹായത്തോടെ തിങ്കളാഴ്ച പ്രതിയെ പിടികൂടുകയും ചെയ്തതായി സീനിയർ ഇൻസ്പെക്ടർ മഹേഷ് ബൻസോഡെ വ്യക്തമാക്കി.

'കുരച്ചിട്ടും ഫലമില്ലെങ്കിൽ കടിക്കാൻ കോടതി ബാധ്യസ്ഥരാണ്, ഭരണഘടനാ സ്ഥാപനങ്ങളുടെ വിശ്വാസ്യത തകർന്നു': ജസ്റ്റിസ് കുര്യൻ ജോസഫ്

കൊച്ചി: മുഖ്യതിരഞ്ഞെടുപ്പ് കമ്മിഷണർ ഗ്യാനേഷ്കുമാറിനെ പ്രതീകാത്മകമായി ഇംപീച്ച് ചെയ്ത് അഭിഭാഷകർ. ഇടത് അഭിഭാഷക സംഘടനയായ ഇന്ത്യൻ അസ്സോസിയേഷൻ ഓഫ് ലോയേഴ്സ് ആണ് കേരളത്തിലെ 88 കോടതികളിൽ നിന്നുള്ള അഭിഭാഷക പ്രതിനിധികൾ പങ്കെടുത്ത അഡ്വക്കേറ്റ് അസംബ്ലിയിൽ ഗ്യാനേഷ് കുമാറിനെ പ്രതീകാത്മകമായി ഇംപീച്ച് ചെയ്തത്. ഹൈക്കോടതി പരിസരത്ത് പരിപാടി നടത്തുന്നത് ഹൈക്കോടതി വിലക്കിയതിനാൽ ചേംബർ കോംപ്ലക്സിന്റെ പോർട്ടിക്കോയിൽ വെച്ചാണ് പരിപാടി നടത്തിയത്. ഐ.എ.എൽ ജനറൽ സെക്രട്ടറി ബി.കെ.ജയമോഹൻ ഇംപീച്ചുമെന്റ് പ്രമേയം അവതരിപ്പിച്ചു.

പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ച 'തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിഷ്പക്ഷതയിൽ വിട്ടുവീഴ്ചയോ' എന്ന വിഷയത്തിൽ സംഘടിപ്പിച്ച സംവാദം സുപ്രീംകോടതി മുൻ ജസ്റ്റിസ് കുര്യൻ ജോസഫ് ഓൺലൈനിൽ ഉദ്ഘാടനം ചെയ്തു. ഭരണഘടനാ സ്ഥാപനങ്ങൾ അപകടത്തിലാവുമ്പോൾ പ്രതിരോധിക്കേണ്ട കടമ ഭരണഘടനാ കോടതികൾക്കുണ്ട്. കോടതികൾ കാവൽനായ്ക്കളെപ്പോലെ കടിക്കാനും തയ്യാറാകണം സുപ്രീം കോടതി ഭരണഘടനയുടെ കാവൽക്കാരനാണ്. എന്നാൽ കേവലം കുരയ്ക്കുകയോ മുന്നറിയിപ്പുകൾ നൽകുകയോ ചെയ്തിട്ടും ഉദ്ദേശിച്ച ഫലം ലഭിക്കുന്നില്ലെങ്കിൽ ആ കാവൽനായ കടിക്കാനും ബാധ്യസ്ഥനാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു

'പാർലമെന്റും കോടതികളും പരാജയപ്പെടുമ്പോൾ, നമ്മെ രക്ഷിക്കാൻ തെരുവുകൾ മുന്നോട്ടുവരും' എന്ന ലോഹ്യയുടെ വാക്കുകൾ ഇന്നത്തെ സാഹചര്യത്തിൽ പ്രസക്തമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ഭരണഘടനയെ സംരക്ഷിക്കാൻ ഇറങ്ങി തിരിക്കുക എന്ന മൗലികമായ കടമയാണ് യുവസമൂഹം ചെയ്തു കൊണ്ടിരിക്കുന്നത്. തിരഞ്ഞെടുപ്പ് കമ്മീഷന് ഭരണഘടനയുടെ മൂല്യങ്ങൾ ഉൾക്കൊള്ളാനും ജനാധിപത്യം സംരക്ഷിക്കാനും ബാധ്യതയുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഭരണഘടനാ സ്ഥാപനങ്ങൾ അവരുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിൽ പരാജയപ്പെടുമ്പോൾ സമാധാനപരമായി പ്രതിഷേധിക്കാൻ പൗരന്മാർക്ക് അവകാശമുണ്ട്. ഉന്നത പദവി വഹിക്കുന്ന വ്യക്തിയുടെ സത്യസന്ധതയിൽ വിട്ടുവീഴ്ച ചെയ്യപ്പെട്ടാൽ സ്വാതന്ത്ര്യം ഇല്ലാതെയാകും. അത് ഇന്ത്യൻ ജനാധിപത്യത്തിന്റെ മരണമണിയാണ് - അദ്ദേഹം പറഞ്ഞു. രാഷ്ട്രീയ-സാമുദായിക വ്യത്യാസങ്ങൾക്കപ്പുറം ഭരണഘടനയെ സംരക്ഷിക്കാൻ അഭിഭാഷക സമൂഹം എപ്പോഴും മുന്നോട്ടുവന്നിട്ടുണ്ട്. നിയമലംഘകരുടെ അക്രമത്തേക്കാൾ അപകടകരമാണ് നിയമജ്ഞരുടെ മൗനമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മുൻ ഹൈക്കോടതി ജഡ്ജി കെ.ബാലകൃഷ്ണൻ നായർ മുഖ്യ പ്രഭാഷണം നടത്തി. എഴുത്തുകാരി കെ.ആർ.മീരയും സംസാരിച്ചു. തിരഞ്ഞെടുപ്പ് കമ്മിഷനെതിരെ ഇപ്പോൾ നടക്കുന്ന സമരത്തിൽ വലിയ വിശ്വാസമുണ്ടെന്നും ധൈര്യവതികളായ പെൺകുട്ടികളാണ് അത് മുന്നോട്ടുകൊണ്ടുപോകുന്നതെന്നും അവർ പറഞ്ഞു. മുൻ അഡ്വക്കേറ്റ് ജനറൽ കെ.ഗോപാലകൃഷ്ണക്കുറുപ്പ്, ബാർ കൗൺസിലംഗം അനിൽ എസ്. രാജ്, അഡ്വ.അയൂബ് ഖാൻ, അഡ്വ.ലക്ഷ്മി റാണി എന്നിവർ സംസാരിച്ചു.

മാസപ്പടി കേസ്: പിണറായിക്കും റിയാസിനും എതിരായ കേസുകളിൽ രണ്ട് എസ്ഐടികൾ, മേൽനോട്ടം ഡിഐജി തോംസൺ ജോസിന്

തിരു: മാസപ്പടി കേസിൽ പ്രതിപക്ഷ നേതാവ് പിണറായി വിജയനും മുൻ മന്ത്രി മുഹമ്മദ് റിയാസിനുമെതിരായ കേസുകളിൽ രണ്ട് പ്രത്യേക അന്വേഷണ സംഘങ്ങളെ നിയോഗിച്ച് വിജിലൻസ്. ഡിഐജി തോംസൺ ജോസ് അന്വേഷണത്തിന് മേൽനോട്ടം വഹിക്കും. ഇതു സംബന്ധിച്ച ഉത്തരവിറങ്ങി.

പിണറായി വിജയനെ ഒന്നാം പ്രതിയാക്കിയാണ് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഹവാല ഇടപാടിൽ മുൻ മന്ത്രി മുഹമ്മദ് റിയാസിനെ ഒന്നാം പ്രതിയാക്കി മറ്റൊരു കേസുമെടുത്തിട്ടുണ്ട്. അഴിമതി തടയൽ നിയമപ്രകാരമെടുത്ത രണ്ട് കേസിലും പിണറായിയുടെ മകൾ വീണാ വിജയനാണ് രണ്ടാം പ്രതി.

കോഴിക്കോടും തിരുവനന്തപുരവും കേന്ദ്രീകരിച്ച് നടത്തേണ്ട അന്വേഷണമായതിനാലാണ് രണ്ട് എസ്ഐടി സംഘത്തെ രൂപീകരിച്ചത്. പിണറായിക്കെതിരായ കേസിലെ അന്വേഷണത്തിന്റെ നേതൃത്വം എസ്പി ഇ എൻ സുരേഷിനും റിയാസിനെതിരായ കേസിലെ അന്വേഷണത്തിന് കോഴിക്കോട് സ്പെഷ്യൽ സെൽ എസ്പി ബാലകൃഷ്ണൻ നേതൃത്വം നൽകും.

അതേസമയം, ഇഡി കത്തിൽ കേസെടുക്കാൻ ഉത്തരവിട്ട സിംഗിൾ ബെഞ്ച് ഉത്തരവിനെതിരെ പിണറായി വിജയൻ, വീണ, മുഹമ്മദി റിയാസ് എന്നിവർ നൽകിയ ഹർജി ഹൈക്കോടതി ഇന്ന് പരിഗണിക്കും. തങ്ങളുടെ ഭാഗം കേൾക്കാതെയാണ് സിംഗിൾ ബെഞ്ച് ഉത്തരവെന്നും മുഖ്യമന്ത്രി എന്ന നിലയിൽ സിഎംആർഎൽ കമ്പനിയ്ക്ക് ഏതെങ്കിലും സഹായം ചെയ്തതായി ഇഡി കത്തിലില്ലെന്നുമാണ് വാദം. എന്നാൽ അപ്പീൽ നിൽക്കില്ലെന്നാണ് വിജിലൻസിന്റെഭാഗം.

റഷ്യയിൽ നിന്ന് ഡീസൽ വാങ്ങുന്നത് അമേരിക്കയ്ക്ക് വേണ്ടിയല്ല, ലോകവിപണിക്ക് വേണ്ടി: ഡൊണാൾഡ് ട്രംപ്

വാഷിങ്ടൺ: റഷ്യയിൽനിന്നുള്ള ഡീസൽ ഇറക്കുമതി കരാറിനെ ചൊല്ലി വിമർശനം ശക്തമായതോടെ വിശദീകരണവുമായി യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. റഷ്യയിൽ നിന്ന് എത്തുന്ന ഡീസൽ അമേരിക്കയ്ക്ക് നേരിട്ട് ഉപയോഗിക്കാനല്ലെന്നും ഉയർന്ന ഇന്ധന വില നിയന്ത്രിക്കുന്നതിനായി ആഗോള വിപണിയിൽ ലഭ്യമാക്കാനാണെന്നും ട്രംപ് വ്യക്തമാക്കി. റഷ്യൻ പ്രസിഡന്റ് വ്ളാദിമിർ പുതിനുമായി നടത്തിയ ചർച്ചകൾക്കു പിന്നാലെ പ്രഖ്യാപിച്ച കരാർ അമേരിക്കയിൽ രാഷ്ട്രീയ വിവാദമായിരിക്കെയാണ് ട്രംപിന്റെ വിശദീകരണം.

ഇതൊരു ഡീസൽ കരാറാണ്. നമുക്കുവേണ്ടിയുള്ളതല്ല. ആഗോള വിപണിയിലേക്കാണ് ഡീസൽ എത്തിക്കുന്നത്. അമേരിക്കയിലേക്കല്ല, ലോകത്തിനാകെയാണ് വിതരണം ചെയ്യുന്നത്.-ചൊവ്വാഴ്ച മാധ്യമപ്രവർത്തകരോട് സംസാരിക്കവെ ട്രംപ് പറഞ്ഞു. ഡീസൽ ശുദ്ധീകരണശാലകൾ പ്രവർത്തനരഹിതമാകുന്നത് ആഗോള ഇന്ധനവിപണിയെ പ്രതികൂലമായി ബാധിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇറാൻ യുദ്ധത്തെത്തുടർന്നുണ്ടായ പ്രതിസന്ധി കാരണം ഡീസൽ വില കുതിച്ചുയർന്നതാണ് നീക്കത്തിന് പിന്നിലെന്നാണ് വിവരം. എന്നാൽ, റഷ്യയുമായുള്ള കരാർ അമേരിക്കയുടെ വിദേശനയത്തെയും ഉപരോധനയത്തെയും ദുർബലപ്പെടുത്തുമെന്നാണ് വിമർശകരുടെ നിലപാട്. കരാറിനെതിരെ റിപ്പബ്ലിക്കൻ, ഡെമോക്രാറ്റിക് പാർട്ടികളിലെ സെനറ്റർമാർ ഒരുപോലെ രംഗത്തെത്തിയിട്ടുണ്ട്. പുതിനുമായുള്ള കരാർ റഷ്യയ്ക്ക് അനാവശ്യമായി നേട്ടമുണ്ടാക്കുന്നതും അമേരിക്കയുടെ സഖ്യകക്ഷികളോടുള്ള വിശ്വാസവഞ്ചനയുമാണെന്ന് ചൂണ്ടിക്കാട്ടി ഇരുപാർട്ടികളിലെയും 12 സെനറ്റർമാർ ട്രംപിന് കത്തയച്ചു. കരാർ പിൻവലിക്കണമെന്നും അവർ ആവശ്യപ്പെട്ടു.

അമേരിക്കക്കാർക്ക് താങ്ങാനാവുന്ന ഇന്ധനവില ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത അംഗീകരിക്കുന്നുണ്ടെങ്കിലും റഷ്യൻ ഡീസൽ ആഗോള വിപണിയിലെത്തിക്കുന്നതിലൂടെ അമേരിക്കയ്ക്ക് കാര്യമായ ആശ്വാസം ലഭിക്കില്ലെന്നാണ് സെനറ്റർമാരുടെ വാദം. അതേസമയം, കരാറിലൂടെ റഷ്യയ്ക്ക് ലഭിക്കുന്ന വരുമാനം യുക്രെയ്നിനെതിരായ യുദ്ധം തുടരാൻ പുതിനെ സഹായിക്കുമെന്നും സെനറ്റർമാർ ആരോപിച്ചു.

ഇന്ധനവിലയിൽ കാര്യമായ കുറവുണ്ടാക്കാൻ കരാറിനാകില്ലെന്നും റഷ്യൻ സർക്കാരിന് ലഭിക്കുന്ന പണം യുദ്ധച്ചെലവുകൾക്കും ചൈന, ഇറാൻ, ഉത്തരകൊറിയ എന്നിവയുമായുള്ള സുരക്ഷാ സഹകരണം ശക്തിപ്പെടുത്തുന്നതിനും വിനിയോഗിക്കപ്പെടുമെന്നും സെനറ്റർമാർ മുന്നറിയിപ്പ് നൽകി.

കുറാഞ്ചേരി വാഹനാപകടം: ചികിത്സയിലായിരുന്ന വീട്ടമ്മ മരണപ്പെട്ടു

തൃശ്ശൂർ: മുണ്ടത്തിക്കോട് ഇമ നഗർ ചിറയത്ത് വീട്ടിൽ റോഷന്റെ ഭാര്യ സീന (43) ആണ് തൃശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ മരണപ്പെട്ടത്. കഴിഞ്ഞ ഡിസംബർ മൂന്നിന് വടക്കാഞ്ചേരി ഫൊറോന ദേവാലയത്തിലെ തിരുനാളിൽ പങ്കെടുത്ത് ഭർത്താവിനൊപ്പം സ്കൂട്ടറിൽ മടങ്ങുന്നതിനിടെയായിരുന്നു അപകടം. അപകടത്തിൽ തലയ്ക്ക് അതീവ ഗുരുതരമായി പരിക്കേറ്റ് ആന്തരിക രക്തസ്രാവം ഉണ്ടായതിനെ തുടർന്ന് അബോധാവസ്ഥയിലായ സീനയെ മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു. തുടർന്ന് വിദഗ്ദ്ധ ചികിത്സയുടെ ഭാഗമായി തലയോട്ടി മാറ്റിവെക്കൽ ശസ്ത്രക്രിയയ്ക്കായി ഒക്ടോബർ ഒൻപതിന് ഇവരെ വീണ്ടും ആശുപത്രിയിൽ പ്രവേശിപ്പിച്ചു. എന്നാൽ നിർണായകമായ ശസ്ത്രക്രിയയ്ക്കുള്ള മുന്നൊരുക്കങ്ങൾ നടക്കുന്നതിനിടെ ഇന്ന് രാവിലെ ഏഴേകാലോടെ മരണംസംഭവിക്കുകയായിരുന്നു.

ജാമ്യത്തിനുള്ള നീക്കവുമായി പ്രതി സുഹൈലും സുഹൃത്തുക്കളും

നെടുമ്പാശേരി: നെടുമ്പാശേരി മിനികൂപ്പർ അപകടത്തിലെ മുഖ്യപ്രതി സുഹൈൽ സജീവിനെ കസ്റ്റഡിയിൽ വാങ്ങാൻ പൊലീസ് കോടതിയിൽ അപേക്ഷ നൽകി. രണ്ട് ദിവസത്തിനുള്ളിൽ കസ്റ്റഡിയിൽ കിട്ടുമെന്നാണ് പൊലീസിന്റെ പ്രതീക്ഷ. തുടർന്ന് പ്രതിയെ വിശദമായി ചോദ്യം ചെയ്യും. നരഹത്യയ്ക്കാണ് പ്രതിക്കെതിരെ പൊലീസ് കേസെടുത്തത്.

അപകടം നടന്ന സ്ഥലത്തും മദ്യപിച്ച ബാറുകളിലും പൊലീസ് തെളിവെടുപ്പ് നടത്തും. സുഹൈലിന്റെ രക്തസാമ്പിൾ ലാബ് പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ഇതിന്റെ ഫലം ലഭിച്ചാലേ ഏതൊക്കെ ലഹരിയാണ് ഉപയോഗിച്ചതെന്ന് വ്യക്തമാകുകയുള്ളൂ. മദ്യപിച്ച് വണ്ടിയോടിച്ചത് തടയാതിരുന്നതിനാണ് സുഹൈലിനൊപ്പം കാറിലുണ്ടായിരുന്നവർക്കെതിരെ കേസെടുത്തത്. ഇവർ ലഹരി ഉപയോഗിച്ചിട്ടുണ്ടോ എന്നും അന്വേഷണ സംഘം പരിശോധിക്കുന്നുണ്ട്.

ഒന്നാം പ്രതി സുഹൈൽ സാമ്പത്തികശേഷിയും സ്വാധീനവുമുള്ള ആളായതിനാൽ സാക്ഷികളെ സ്വാധീനിക്കാനോ, ഭീഷണിപ്പെടുത്താനോ സാധ്യതയുണ്ടെന്ന് പൊലീസിന്റെ റിമാൻഡ് റിപ്പോർട്ടിൽ പറയുന്നു. സുഹൈൽ മദ്യപിച്ചശേഷം വാഹനമോടിച്ചതിനാലാണ് അപകടമുണ്ടായതെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. പ്രതി ലഹരി ഉപയോഗിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനാണ് റിമാൻഡ് ചെയ്യണമെന്ന് ആവശ്യപ്പെട്ടതെന്നും റിപ്പോർട്ടിൽ പറയുന്നു.

സുഹൈലിന്റെ പേരിന് പകരം, കെ.എൽ 07 സി.ആർ 1001 കാറിന്റെ ഡ്രൈവർ എന്നാണ് എഫ്.ഐ.ആറിൽ രേഖപ്പെടുത്തിയത്. വിലാസം 'അജ്ഞാതം' എന്നായിരുന്നു. മദ്യപിച്ചാണ് വാഹനം ഓടിച്ചതെന്നും പറഞ്ഞില്ല. ഞായറാഴ്ച രാവിലെ 6.59നാണ് എഫ്. ഐ.ആർ രജിസ്റ്റർ ചെയ്തത്. പുലർച്ചെ 1.45നായിരുന്നു അപകടം. ശിക്ഷിക്കപ്പെടുന്ന, 16നും 21നുമിടയിൽ പ്രായമുള്ളവരെയാണ് പ്രവേശിപ്പിക്കേണ്ടതെന്ന് കേരള ബോസ്റ്റൽ സ്കൂൾസ് നിയമത്തിൽ പറയുന്നു. ജയിൽച്ചട്ടത്തിലും ഇങ്ങനെയാണ്. എന്നാൽ, റിമാൻഡ് പ്രതിയായ സുഹൈലിനെ അവിടെയാക്കിയതിൽ ദുരൂഹതയുണ്ടെന്നാണ് ആരോപണം.

ഇതിനിടെ, പ്രതികളെ ജാമ്യത്തിലെടുക്കാനുള്ള നീക്കങ്ങൾ തുടങ്ങി. 4പേരും അങ്കമാലി കോടതിയിൽ ജാമ്യാപേക്ഷ നൽകിയിട്ടുണ്ട്. പൊലീസ് റിപ്പോർട്ട് ലഭിച്ച ശേഷം മാത്രമാണ് ജാമ്യാപേക്ഷ പരിഗണിക്കുക. കാറോടിച്ച സുഹൈൽ സുഹൃത്തുക്കളായ നിനവ്, ജോയൽ, അമീൻ എന്നിവരാണ് ജാമ്യത്തിന് ശ്രമിക്കുന്നത്. ഇവരുടെ അഭിഭാഷകർ ചൊവ്വാഴ്ച കോടതിയിൽ എത്തി ജാമ്യാപേക്ഷ സമർപ്പിച്ചു.

കാറുകൾ കൂട്ടിയിടിച്ച് യുവതിക്ക് പരിക്ക്

കുന്നംകുളം : അക്കിക്കാവ് ബൈപ്പാസ് റോഡിലെ പന്നിത്തടം സെന്ററിൽ കാറുകൾ കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ യുവതിക്ക് പരിക്ക്. വടക്കാഞ്ചേരി ഭാഗത്ത് നിന്നും ഗുരുവായൂർ ഭാഗത്തേക്ക് പോകുന്ന കാറും കൂറ്റനാട് ഭാഗത്ത് നിന്ന് നെടുമ്പാശ്ശേരി എയർപോർട്ടിലേക്ക് പോകുകയായിരുന്ന കാറുമാണ് കൂട്ടിയിടിച്ചത്. ഗുരുവായൂരിലേക്ക് പോകുകയായിരുന്ന കാറിലെ യാത്രക്കാരിക്കാണ് പരിക്കേറ്റത്.

ബാങ്ക് ഓഫ് ബറോഡക്കെതിരേ ബി.ആർ. ഷെട്ടി: 1.44 ലക്ഷം കോടി ആവശ്യപ്പെട്ട് ഹർജി

ബംഗളൂരു: ബാങ്ക് ഓഫ് ബറോഡയ്ക്കെതിരേ 1.44 ലക്ഷം കോടി രൂപ ആവശ്യപ്പെട്ട് ബി.ആർ. ഷെട്ടി ഹർജി ഫയൽ ചെയ്തു. എൻ.എം.സി. ഹെൽത്ത് കെയർ, യു.എ.ഇ. എക്സ്ചേഞ്ച് ഗ്രൂപ്പുകളുടെ തകർച്ചയ്ക്കു കാരണമായ വൻകിട കോർപ്പറേറ്റ് തട്ടിപ്പുകൾക്ക് ബാങ്ക് ഓഫ് ബറോഡ സൗകര്യമൊരുക്കിയെന്നാണ് പ്രധാന ആരോപണം.

പ്രശസ്തിക്കും സത്പേരിനുമുണ്ടായ നഷ്ടത്തിന് 500 കോടി ഡോളർ (47,500 കോടി രൂപ) നഷ്ടപരിഹാരം നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. കള്ളപ്പണം വെളുപ്പിക്കൽ തടയുന്നതിനുള്ള മുന്നറിയിപ്പുകളും കെ.വൈ.സി. വീഴ്ചകളും ബാങ്ക് അവഗണിച്ചതായി ഹർജിയിൽ പറയുന്നു.

മുതിർന്ന ഉദ്യോഗസ്ഥരായ പ്രശാന്ത് മംഗാട്ട്, പ്രമോദ് മംഗാട്ട് എന്നിവർ ചേർന്ന് ഗ്രൂപ്പിന്റെ സ്ഥാപനങ്ങളിൽനിന്ന് പണം വകമാറ്റാനും കടം മറച്ചുവെക്കാനും ബാങ്ക് ഓഫ് ബറോഡ സഹായിച്ചുവെന്നാണ് പ്രധാന ആരോപണം. വ്യാജമായി ഉണ്ടാക്കിയ ഗ്യാരന്റികൾ വഴി ഷെട്ടിയെ വൻ സാമ്പത്തിക ബാധ്യതയിലേക്ക് തള്ളിവിട്ടു. കള്ളപ്പണം വെളുപ്പിക്കൽ മുന്നറിയിപ്പുകൾ അവഗണിച്ചു. വ്യാജ വിതരണക്കാരുമായി ബന്ധപ്പെട്ട അക്കൗണ്ടുകൾ തുറന്നു.

എൻ.എം.സി. തകരുന്നതിന് വർഷങ്ങൾക്കു മുമ്പുതന്നെ കെ. വൈ.സി. വീഴ്ചകളെക്കുറിച്ചും അസാധാരണ ഇടപാടുകളെക്കുറിച്ചും ലഭിച്ച മുന്നറിയിപ്പുകൾ ബാങ്ക് അവഗണിച്ചു എന്നീ ആരോപണങ്ങളും ഹർജിയിൽ ഉന്നയിക്കുന്നുണ്ട്.

റിപ്പോർട്ട് പുറത്തുവന്നതോടെ ബാങ്ക് ഓഫ് ബറോഡയുടെ ഓഹരിവിലയിൽ മൂന്നു ശതമാനം ഇടിവു രേഖപ്പെടുത്തി. ചൊവ്വാഴ്ചയിലെ ക്ലോസിങ് നിരക്കായ 238.43 രൂപയിൽനിന്ന് 231.30 രൂപയായാണ് ഓഹരിവില താഴ്ന്നത്.

കോടതി പരസ്യം

ബഹു: തൃശ്ശൂർ 4–ാം അഡീഷ്ണൽ ജില്ലാ കോടതി മുമ്പാകെ

GOP 104/2026

1, 2, 3, 4 ഹർജിക്കാർ:

1, തൃശ്ശൂർ ജില്ല, തലപ്പിള്ളി താലൂക്ക്, കാഞ്ഞിരക്കോട് വില്ലേജ്, പി.ഒ കാഞ്ഞിരക്കോട് പിൻ – 680590 കാഞ്ഞിരക്കോട് ദേശത്ത്, പാലക്കാടൻ വീട്ടിൽ, മരിച്ച വിൻസെന്റ് ഭാര്യ 41 വയസ്സ്, റിനി വിൻസെന്റ്

2. തൃശ്ശൂർ ജില്ല, തലപ്പിള്ളി താലൂക്ക്, കാഞ്ഞിരക്കോട് വില്ലേജ്, പി.ഒ കാഞ്ഞിരക്കോട്, പിൻ – 680590 കാഞ്ഞിരക്കോട് ദേശത്ത്, പാലക്കാടൻ വീട്ടിൽ, മരിച്ച വിൻസെന്റ് മകൾ 19 വയസ്സ്, ആൻ മേരി വിൻസെന്റ്

3. തൃശ്ശൂർ ജില്ല, തലപ്പിള്ളി താലൂക്ക്, കാഞ്ഞിരക്കോട് വിവില്ലേജ്, പി.ഒ കാഞ്ഞിരക്കോട്, പിൻ – 680590 കാഞ്ഞിരക്കോട് ദേശം, പാലക്കാടൻ വീട്ടിൽ, മരിച്ച വിൻസെന്റ് മകൻ 45 വയസ്സ്, വിജു. പി.കെ.

4. തൃശ്ശൂർ ജില്ല, തലപ്പിള്ളി താലൂക്ക്, വടക്കാഞ്ചേരി വില്ലേജ്, കാഞ്ഞിരക്കോട് ദേശം, പി.ഒ കാഞ്ഞിരക്കോട്, പിൻ 680623 പാലക്കാടൻ വീട്ടിൽ, മരിച്ച കുര്യാക്കോസ് മകൻ 43 വയസ്സ്, ജെയ്സൻ. പി.കെ.

–5, 6 ഹരജിക്കാർ/മൈനർ മാർജിനൽ ഹരജിക്കാർ

5. തൃശ്ശൂർ ജില്ല, തലപ്പിള്ളി താലൂക്ക്, കാഞ്ഞിരക്കോട് വി ല്ലേജ്, പി.ഒ കാഞ്ഞിരക്കോട്. 680590 കാഞ്ഞിരക്കോട് ദേശത്ത്, പാലക്കാടൻ വീട്ടിൽ, മരിച്ച വിൻസെന്റ് മകൾ 15 വയസ്സ്, അന്ന മരിയ വിൻസെന്റ് (DOB : 23-04-2011) Rep by മതാവും രക്ഷിതാവുമായ തൃശ്ശൂർ ജില്ല, തലപ്പിള്ളി താലൂക്ക്, കാഞ്ഞിരക്കോട് വില്ലേജ്, പി.ഒ കാഞ്ഞിരക്കോട് . പിൻ 680590 കാഞ്ഞിരക്കോട് ദേശത്ത്, പാലക്കാടൻ വീട്ടിൽ, മരിച്ച വിൻസെന്റ് ഭാര്യ 41 വയസ്സ്, റിനി വിൻസെന്റ്

6. തൃശ്ശൂർ ജില്ല, തലപ്പിള്ളി താലൂക്ക്, കാഞ്ഞിരക്കോട് വില്ലോജ്, പി.ഒ കാഞ്ഞിരക്കോട്, പിൻ – 680590 കാഞ്ഞിരക്കോട് ദേശത്ത്, പാലക്കാടൻ വീട്ടിൽ, മരിച്ച വിൻസെന്റ് മകൾ 13 വയസ്സ്, അനിറ്റാ റോസ് (DOB : 24-07-2013) Rep by മതാവും രക്ഷിതാവുമായ തൃശ്ശൂർ ജില്ല, തലപ്പിള്ളി താലൂക്ക് . കാഞ്ഞിരക്കോട് വില്ലേജ്, പി.ഒ കാഞ്ഞിരക്കോട്, പിൻ – 680590 കാഞ്ഞിരക്കോട് ദേശത്ത്, പാലക്കാടൻ വീട്ടിൽ, മരിച്ച വിൻസെന്റ് ഭാര്യ 41 വയസ്സ്, റിനി വിൻസെന്റ്

മേൽ നമ്പർ കേസ്സിലെ മൈനർ ഹർജിക്കാർക്ക് എതിരെ ഉള്ള നോട്ടീസ് കൽപ്പന ടിയാരുടെ വാസസ്ഥലത്തും കോടതിയിലും, വില്ലേജ് ഓഫീസിലും, പഞ്ചായത്തിലും, രജിസ്ട്രാഫീസിലും പതിച്ച് നടത്തുന്നതിനും പത്രത്തിൽ പരസ്യം ചെയ്യുന്നതിനും കൽപ്പിച്ച് **25–11–2026** തിയ്യതിക്ക് വെച്ചിട്ടുള്ള വിവരം ഇതിനാൽ അറിയിക്കുന്നു.

എന്ന് 13–10–2026
ഹരജിഭാഗം അഡ്വക്കെറ്റ്
THOMAS C.K. @ THOMAS KURIAN CHERUVATHUR (ഒപ്പ്)

കൊടുങ്ങല്ലൂരിലെ പതിനെട്ടുകാരൻ ജീവനൊടുക്കിയ കേസിൽ ട്വിസ്റ്റ്; പണംതട്ടൽ ആരോപണമുയർത്തി പൊലീസ്

കൊടുങ്ങല്ലൂർ: കൊടുങ്ങല്ലൂരിൽ പൊലീസ് ചോദ്യംചെയ്തതിനുപിന്നാലെ ജീവനൊടുക്കിയ 18കാരനെതിരെ ഗുരുതര ആരോപണങ്ങളുമായി പൊലീസ്. അസ്‌ലം ഇഷ്ടത്തിലായിരുന്നുവെന്ന് പറയുന്ന പെൺകുട്ടിയുടെ കുടുംബം നൽകിയ പരാതിയുടെ വിവരങ്ങളാണ് പുറത്തുവന്നത്. അസ്‌ലം പെൺകുട്ടിയെ ഭീഷണിപ്പെടുത്തി പണവും സ്വർണവും ആവശ്യപ്പെട്ടിരുന്നുവെന്നും 20 പവനോളം സ്വർണവും അൻപതിനായിരം രൂപയും വാങ്ങിയെടുത്തെന്നുമാണ് പരാതി. ഇതിന്റെ തെളിവായി ശബ്ദസന്ദേശങ്ങളും കുടുംബത്തിന് ലഭിച്ചു.

ഇൻസ്റ്റഗ്രാമിൽ പരിചയപ്പെട്ട പെൺകുട്ടിയുമായി അടുപ്പം സ്ഥാപിച്ചശേഷം അസ്‌ലം ഈ പെൺകുട്ടിക്കൊപ്പമുള്ള ചിത്രങ്ങളും വിഡിയോകളും എടുക്കുകയും അതുവച്ച് ഭീഷണിപ്പെടുത്തുകയും ചെയ്തുവെന്നാണ് പൊലീസിന് ലഭിച്ച വിവരം. പെൺകുട്ടിയുടെ വിദേശത്തുള്ള സഹോദരിയിൽ നിന്നടക്കം പണം തട്ടാൻ ശ്രമിച്ചിരുന്നു. പെൺകുട്ടി നാലുമാസം മുൻപ് അസ്‌ലമിന്റെ ഫോൺ നമ്പർ ബ്ലോക്ക് ചെയ്തതിനെത്തുടർന്ന് ഇരുവർക്കും അടുത്ത പരിചയമുള്ള മറ്റൊരാൾ വഴിയാണ് അസ്‌ലം സന്ദേശങ്ങൾ അയച്ചിരുന്നത്. ഇതിലുള്ള ശബ്ദ സന്ദേശങ്ങളിൽ ചിലതാണ് പുറത്തായത്.

അസ്‌ലമിന്റേതെന്ന് കരുതുന്ന ഒരു ശബ്ദസന്ദേശത്തിൽ പറയുന്നത് ഇങ്ങനെ: 'വേണ്ട, മെസേജ് അയക്കാൻ പറയണമെന്നൊന്നും ഇല്ല. അവൾക്ക് വേണമെങ്കിൽ അവളുടെ കയ്യിലുള്ള മൂന്നെണ്ണം തന്നാൽ മതി. അവളുടെ ചേച്ചിയുടെ കയ്യിൽ നിന്ന് വാങ്ങിക്കുകയാണെങ്കിൽ ഞാൻ പൈസയായിട്ടേ വാങ്ങിക്കുള്ളൂ. ചിലപ്പോ മൂന്നുലക്ഷം രൂപ ഞാൻ വാങ്ങിക്കും. അങ്ങനത്തെ രീതിയിലുള്ള വകുപ്പ് ഞാൻ ഉണ്ടാക്കും. മനസിലായോ, വിത്ത് പ്രൂഫ് ഞാൻ ഉണ്ടാക്കും. അയക്കുമ്പോ എന്റെ കയ്യിൽ ഉള്ളതെല്ലാം മൊത്തമായി ഞാൻ അയക്കും, മനസിലായോ...'

പെൺകുട്ടിയെ ഭീഷണിപ്പെടുത്തി വാങ്ങിയ സ്വർണം വിറ്റതിന്റെ തെളിവുകൾ പൊലീസ് കണ്ടെത്തിയിട്ടുണ്ടെന്നാണ് വിവരം. ചോദ്യംചെയ്യലിൽ ഇക്കാര്യം അസ്‌ലമും സഹോദരനും സമ്മതിച്ചിരുന്നെന്ന് കൊടുങ്ങല്ലൂർ പൊലീസ് അവകാശപ്പെടുന്നു. ജ്വല്ലറി ഉടമയും ഇക്കാര്യം സ്ഥിരീകരിച്ചിട്ടുണ്ടെന്ന് പൊലീസ് വ്യക്തമാക്കി. ഈ സ്വർണം റിക്കവറി ചെയ്യാൻ നീക്കം ആരംഭിച്ചിട്ടുണ്ട്. സ്വർണം വിറ്റ പണം കൊണ്ട് ഇന്നോവ കാറും ഐ ഫോണും വാങ്ങിയെന്നും കണ്ടെത്തിയതായി പൊലീസ് പറയുന്നു. കാറും കാറിന്റെ രേഖകളും കസ്റ്റഡിയിലുണ്ട്. അസ്‌ലമിനെയും സഹോദരനെയും മർദിച്ചെന്ന ആരോപണം തെറ്റാണെന്നും കൊടുങ്ങല്ലൂർ പൊലീസ് പറയുന്നു.

എന്നാൽ പെൺകുട്ടിയുമായുള്ള പ്രണയം വീട്ടുകാർ അറിഞ്ഞതിനെത്തുടർന്നുള്ള പ്രതികാരമാണ് പരാതിയെന്നാണ് അസ്‌ലമിന്റെ പിതാവിന്റെ ആരോപണം. മകനെ പൊലീസ് കസ്റ്റഡിയിൽ വച്ച് ക്രൂരമായി മർദിച്ചെന്നും പിതാവ് നൗഷാദ് ആരോപിച്ചു. സർക്കിൾ ഇൻസ്പെക്ടറും സബ് ഇൻസ്പെക്ടറും ജുവനൈൽ ജസ്റ്റിസ് ബോർഡ് അംഗത്തെ സ്വാധീനിച്ചെന്ന ഗുരുതര ആരോപണവും നൗഷാദ് ഉന്നയിച്ചിട്ടുണ്ട്.

RNI No. 7675/1964, Edited, Printed & Published by A. Mohammed at Mangalodayam Printers Printers, Thrissur-4

തൃശൂർ സഹോദയ ജില്ലാ കലോത്സവത്തിന് ആറ്റൂർ അറഫ സ്കൂളിൽ തുടക്കമായി

ആറ്റൂർ: തൃശൂർ സഹോദയ സ്കൂൾ കോംപ്ലക്സിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന സഹോദയ ജില്ലാ കലോത്സവത്തിന് ആറ്റൂർ അറഫ ഇംഗ്ലീഷ് സ്കൂളിൽ തുടക്കമായി. ഒക്ടോബർ 14, 15, 16 തീയതികളിലായി നടക്കുന്ന കലോത്സവത്തിൽ ജില്ലയിലെ എഴുപതോളം സ്കൂളുകളിൽ നിന്നായി 5,500 വിദ്യാർത്ഥികൾ നാല് വിഭാഗങ്ങളിലായി 150 ഇനങ്ങളിൽ മാറ്റുരയ്ക്കും.

കലോത്സവത്തിന്റെ സുഗമമായ നടത്തിപ്പിനായി വിപുലമായ സൗകര്യങ്ങളാണ് സ്കൂൾ അധികൃതരും സംഘാടക സമിതിയും ഒരുക്കിയിരിക്കുന്നത്. മത്സരങ്ങൾക്കായി 26 വേദികൾ സജ്ജീകരിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ, മത്സരാർത്ഥികൾക്ക് മാർഗനിർദേശം നൽകൽ, ജനക്കൂട്ട നിയന്ത്രണം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC) ഉൾപ്പെടെ 70 വളണ്ടിയർമാരുടെ സേവനവും ഉറപ്പാക്കിയിട്ടുണ്ട്.

ഒരേസമയം 2,000 പേർക്ക് ഭക്ഷണം കഴിക്കാൻ കഴിയുന്ന വിപുലമായ ഫുഡ് കോർട്ട്, പ്രമുഖ പത്രമാധ്യമങ്ങൾക്കായുള്ള പ്രത്യേക പവലിയനുകൾ, സ്കൂൾ ബസുകൾക്കും കാറുകൾക്കും മറ്റ് വാഹനങ്ങൾക്കും വിശിഷ്ടാതിഥികളുടെ വാഹനങ്ങൾക്കും പ്രത്യേകം പാർക്കിങ് സൗകര്യങ്ങൾ എന്നിവയും ഒരുക്കിയിട്ടുണ്ട്.

കലോത്സവ ദിവസങ്ങളിൽ ആരോഗ്യവകുപ്പിന്റെ സേവനം, ഡോക്ടറുടെ സഹായം, ആംബുലൻസ് സൗകര്യം എന്നിവ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സുരക്ഷ ഉറപ്പാക്കുന്നതിനായി പോലീസിന്റെ സേവനവും അഗ്നിരക്ഷാ സേനയുടെ സഹായവും പ്രയോജനപ്പെടുത്തും.

ഡിജിറ്റൽ മത്സരങ്ങൾക്കായി 150 കമ്പ്യൂട്ടറുകൾ ഉൾക്കൊള്ളുന്ന കമ്പ്യൂട്ടർ ലാബും സജ്ജീകരിച്ചിട്ടുണ്ട്. പവർപോയിന്റ് പ്രസന്റേഷൻ, ഡിജിറ്റൽ പെയിന്റിങ് തുടങ്ങിയ മത്സരങ്ങൾക്കാവശ്യമായ സാങ്കേതിക സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

കലോത്സവത്തിന്റെ ഭാഗമായി ഇന്ന് വിവിധ രചനാമത്സരങ്ങൾക്ക് പുറമെ കോൽക്കളി, ദഫ്മുട്ട്, വട്ടപ്പാട്ട്, ഭരതനാട്യം, കുച്ചിപ്പുടി, നാടോടിനൃത്തം, ലളിതഗാനം തുടങ്ങിയ സ്റ്റേജ്, സ്റ്റേജിതര മത്സരങ്ങളും വിവിധ വേദികളിലായി നടക്കുന്നു.

ഇന്ന് രാവിലെ 10ന് നടന്ന ഉദ്ഘാടന സമ്മേളനം തൃശൂർ സഹോദയ സ്കൂൾ കോംപ്ലക്സ് പ്രസിഡന്റ് ഡോ. ദിനേഷ് ബാബുവിന്റെ അധ്യക്ഷതയിൽ കേരള സാഹിത്യ അക്കാദമി മുൻ പ്രസിഡന്റ് വൈശാഖൻ ഉദ്ഘാടനം ചെയ്തു. അറഫ ചാരിറ്റബിൾ ട്രസ്റ്റ് ജനറൽ സെക്രട്ടറി കെ. എസ്. ഹംസ കലോത്സവ സന്ദേശം നൽകി. അറഫ ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാൻ കെ. എസ്. അബ്ദുല്ല വിശിഷ്ടാതിഥിയെ ആദരിച്ചു

പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സന്ദീപ് കൊന്നനത്ത്, മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എൻ. എസ്. വർഗീസ്, വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ്മിത ഹരിദാസ്, സഹോദയ ട്രഷറർ സിസ്റ്റർ മേഴ്സി ജോസഫ് എസ്.എച്ച്., വൈസ് പ്രസിഡന്റ് സജീവ് കുമാർ പി.എച്ച്., ജോയിന്റ് സെക്രട്ടറി ഡോ. വി. ബിന്ദു എന്നിവർ സംസാരിച്ചു

അറഫ ചാരിറ്റബിൾ ട്രസ്റ്റ് ട്രഷറർ പി. എം. അബ്ദുല്ലത്തീഫ്, വൈസ് ചെയർമാൻ കെ. എം. മുഹമ്മദ്, സെക്രട്ടറി എം. വി. സുലൈമാൻ എന്നിവർ പങ്കെടുത്തു. ജനറൽ കൺവീനറും അറഫ ഇംഗ്ലീഷ് സ്കൂൾ പ്രിൻസിപ്പലുമായ ജാസ് എം. എ. സ്വാഗതവും സഹോദയ ജനറൽ സെക്രട്ടറി ഷമീം ബാവ നന്ദിയും പറഞ്ഞു.

സുരേന്ദ്രന് സ്വീകരണം

തൃശൂർ: കേരള സാഹിത്യ അക്കാദമി സെക്രട്ടറി എം പി. സുരേന്ദ്രന്, കേരള സീനിയർ ജേർണലിസ്റ്റ്സ് യൂണിയൻ തൃശൂർ ജില്ലാ കമ്മറ്റിയുടെ അനുമോദന യോഗം , ഒക്ടോബർ 15 ന് കാലത്ത് 11 മണിക്ക് തൃശൂർ പ്രസ് ക്ലബ് ഹാളിൽ നടക്കും.ഡോ: പി.വി.കൃഷ്ണൻ നായർമുഖ്യാതിഥി ആയിരിക്കും.

മതനിരപേക്ഷസംഗമം

തൃശ്ശൂർ: മതനിരപേക്ഷത, ജനാധിപത്യം, ഫെഡറലിസം എന്ന വിഷയത്തെ ആസ്പദമാക്കിയ മതനിരപേക്ഷ സംഗമം സംഘടിപ്പിച്ചു.

തൃശൂർ ജില്ലാ ലൈബ്രറി കൗൺസിൽ വികസന സമിതി തൃശൂർ കൗസ്തുഭം ഹാളിൽ സംഘടിപ്പിക്കുന്ന തൃശൂർ ലിറ്ററേച്ചർ ഫെസ്റ്റ് 2026 ഠഘഎ ന്റെ ഭാഗമായാണ് നടന്നത്. ലൈബ്രറി കൗൺസിൽ സംസ്ഥാന പ്രസിഡ് ഡോ.ധർമ്മരാജ് അടാട്ട്, ഡോ.അനിൽ ചേലേമ്പ്ര, ഡോ. എം. എൻ. വിനയകുമാർ, കെ.എ.വിശ്വംഭരൻ, പി.എൻ.ദേവിപ്രസാദ് എന്നിവർ സംസാരിച്ചു.

കേരള ബ്രാഹ്മണ സഭ ഇരിങ്ങാലക്കുട ഉപസഭ ഗായത്രി ഹാളിൽ ഒരുക്കിയ ബൊമ്മക്കൊലു

കെ എൽ സി എ ജില്ലാ സ്പെഷൽ കൺവെൻഷൻ

തൃശൂർ: കേരള ലോയേഴ്സ് ക്ലർക്ക് അസോസിയേഷൻ തൃശൂർ ജില്ലാ സ്പെഷൽ കൺവെൻഷൻ ശനിയാഴ്ച വൈകീട്ട് 3.30ന് കോസ്റ്റ് ഫോഡ് ഹാളിൽ മുൻ റവന്യു മന്ത്രി കെ രാജൻ എം എൽ എ ഉദ്ഘാടനം ചെയ്യും. രാജൻ പല്ലൻ എം എൽ എ മുഖ്യാതിഥിയാകും. കെ എൽ സി എ ജില്ലാ പ്രസിഡണ്ട് എം ജി അനിൽകുമാർ ആധ്യക്ഷം വഹിക്കും.

വൈകീട്ട് 3.30ന് സജിത ജയൻ പതാക ഉയർത്തുന്നതോടെ പരിപാടികൾക്ക് തുടക്കംകുറിക്കും. സതീശൻ തലപുലത്ത് സ്വാഗതം പറയും. കെ എൽ സി എ സംസ്ഥാന പ്രസിഡണ്ട് രാജശേഖരൻ നായർ, ജനറൽ സെക്രട്ടറി കെ രാജാമാണിക്യം തുടങ്ങിയവർ പങ്കെടുക്കും. അഡ്വ. കെ ആർ പൗലോസ്, അഡ്വ. കെ പി അജയൻ, സി ഡി പ്രദീപൻ, ഷാജു കാട്ടുമാത്ത്, രാജ്കുമാർ, എ പി ബാലകൃഷ്ണൻ, ജി രാജേന്ദ്രകുമാർ, സി പി പോൾസൺ, സി ടി ശശി, ഷിജി എ പി, രാജീവ് ടി ജി, എ സി ചന്ദ്രൻ മണികണ്ഠൻ തുടങ്ങിയവർ ആശംസകൾ നേരും. ബൈജു കെ ആർ നന്ദിയും പറയും

ഹൈക്കോടതി സ്റ്റേ

കൊച്ചി ചാരുപണയവും ആധാര ലക്ഷ്യങ്ങളും കുറികമ്പനിയുടെ കൈവശം വെച്ച് വിധികടക്കാരനെതിരെ വാറന്റ് ആക്കിയ കോടതി നടപടികൾക്ക് ഹൈക്കോടതിയുടെ താൽക്കാലിക സ്റ്റേ. കുറിക്കമ്പനിക്ക് വേണമെങ്കിൽ വിധിക്കടക്കാരന്റെ പണയം വെച്ച വസ്തു വഹകളിൽ നിന്ന് വിധികടം സംഖ്യ വസൂലാക്കാൻ തടസ്സമില്ലെന്നും ഹൈക്കോടതി ജസ്റ്റിസ് ഈശ്വരൻ എസ്. ന്റെ വിധി. അഡ്വ. ജോ ജെ ഉറുവത്ത്, സാബിർ എൻ. എസ് എന്നിവർ വിധികടക്കാരനായ പുരുഷോത്തമന് വേണ്ടി ഹൈക്കോടതിയിൽ ഹാജരായി. തൃശ്ശൂർ പ്രിൻസിപ്പൽ സബ്ബ് കോടതിയുടെ 18 ലക്ഷത്തോളം വരുന്ന വിധിനടത്ത് വാറന്റ് വിധിയിലാണ് താൽക്കാലിക സ്റ്റേ.

വയനാട്ടിലെ മുണ്ടക്കൈ ദുരന്തത്തിൽ അമ്മയേയും മകനേയും നഷ്ടപ്പെടുകയും നട്ടെല്ലിന് കാര്യമായ പരിക്കേൽക്കുകയും ചെയ്ത അനിൽകുമാറിന് കല്പറ്റയിൽ സർക്കാർ നിർമ്മിച്ചുകൊടുത്ത വീട്ടിലെ പാലുകാച്ചൽ ചടങ്ങിനെത്തി സ്നേഹോപഹാരം ടോംയാസ് പരസ്യ ഏജൻസി ഉടമ തോമസ് പാവറട്ടി കൈമാറുന്നു

ഡൽഹിയിലെ ജനാധിപത്യ ധ്വംസനത്തിനെതിരെ സിപിഐ ഇരിങ്ങാലക്കുട മണ്ഡലം കമ്മിറ്റി പ്രതിഷേധ പ്രകടനം നടത്തി

Wimbis
CPI പ്രതിഷേധം

ഇരിങ്ങാലക്കുട: ഡൽഹിയിലെ ജനാധിപത്യ ധ്വംസനത്തിനെതിരെയും, കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷണർ രാജിവയ്ക്കണമെന്നും ആവശ്യപ്പെട്ട് സിപിഐ ഇരിങ്ങാലക്കുട മണ്ഡലം കമ്മിറ്റി പ്രതിഷേധ പ്രകടനം നടത്തി.

പ്രകടനത്തെ തുടർന്ന് ബസ് സ്റ്റാൻഡിൽ നടന്ന പ്രതിഷേധ യോഗം സിപിഐ സംസ്ഥാന കൗൺസിൽ അംഗം ടി.കെ സുധീഷ് ഉദ്ഘാടനം ചെയ്തു.

സിപിഐ തൃശൂർ ജില്ലാ എക്സിക്യൂട്ടീവ് അംഗം പി.മണി അധ്യക്ഷത വഹിച്ചു. സിപിഐ ഇരിങ്ങാലക്കുട മണ്ഡലം സെക്രട്ടറി എൻ.കെ ഉദയപ്രകാശ്, എഐഎസ്എഫ് ജില്ലാ സെക്രട്ടറി മിഥുൻ പോട്ടക്കാരൻ, എഐവൈഎഫ് ജില്ലാ വൈസ് പ്രസിഡന്റ് ടി.വി വിബിൻ, കേരള മഹിളാ സംഘം സംസ്ഥാന കമ്മിറ്റി അംഗം അനിത രാധാകൃഷ്ണൻ തുടങ്ങിയവർ അഭിവാദ്യം ചെയ്ത് സംസാരിച്ചു.

മണ്ഡലം സെക്രട്ടേറിയറ്റ് അംഗങ്ങളായ എം.ബി ലത്തീഫ്, കെ.എസ് പ്രസാദ്, കെ.കെ ശിവൻ, കെ.എസ് ബൈജു, വി.ആർ രമേഷ് തുടങ്ങിയവർ നേതൃത്വം നൽകി.

ഗവൺമെന്റ് അതിഥി അദ്ധ്യാപക ഒഴിവ്

ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളേജിൽ 2026-2027 അധ്യയന വർഷത്തിൽ ഗണിതശാസ്ത്ര വിഭാഗത്തിലേക്ക് ഗവൺമെന്റ് അതിഥി അദ്ധ്യാപകരുടെ ഒഴിവിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥികൾ അസ്സൽ രേഖകൾ സഹിതം 26.10.2026 2.30 ജങ ന് മുൻപായി നേരിട്ട് കോളേജ് ഓഫീസിൽ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് കോളേജ് വെബ്സൈറ്റ് സന്ദർശിക്കുക: www.stjosephs.edu.in ഫോൺ : 8301000125

സാഹിത്യരംഗത്തെ സ്ത്രീകളുടെ വെല്ലുവിളികളും പ്രതിരോധവും ചർച്ചയായി

തൃശ്ശൂർ: പുരുഷാധിപത്യ സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന അടിച്ചമർത്തലു കളും സ്വാതന്ത്ര്യത്തിനും സർഗാത്മക ആവിഷ്കാരങ്ങൾക്കും മുന്നിലുള്ള പ്രതിബന്ധങ്ങളും ചർച്ച ചെയ്ത് ആവിഷ്കാരങ്ങളിലെ സ്ത്രീ സംവാദം. സാഹിത്യരംഗത്തെ സ്ത്രീകളുടെ അനുഭവങ്ങളും എഴുത്തിലൂടെ അവർ നടത്തുന്ന പ്രതിരോധങ്ങളും സംവാദത്തിൽ പ്രധാന ചർച്ചാവിഷയമായി. സ്ത്രീ, സമൂഹം, വായന, എഴുത്ത് എന്നീ വിഷയങ്ങൾ കേന്ദ്രീകരിച്ച് ഇന്നലെ രാവിലെ 10ന് കൗസ്തുഭം ഹാളിലായിരുന്നു പരിപാടി. സി.എസ്.മീനാക്ഷി, ഫർസാന, സ്മിത ഗിരീഷ്, കെ.എസ്.ശ്രീലത എന്നിവർ പങ്കെടുത്തു. ഡോ.പി.രശ്മി മോഡറേറ്ററായി. വനിതാ എഴുത്തുകാർക്കൊപ്പം വനിതാ ലൈബ്രേറിയന്മാരും വായനശാലാ പ്രവർത്തകരും സംവാദത്തിൽ പങ്കാളികളായി. പ്രൊഫ. എം.ഹരിദാസ്, ആർ.പത്മിനി, ദേവിക ദിലീപ് എന്നിവർ സംസാരിച്ചു.

പെഡസ്ട്രിയൻ റൈറ്റ് : നിയമനിർമാണത്തിനായി സഭയിൽ സ്വകാര്യ ബിൽ അവതരിപ്പിക്കാൻ ഒരുങ്ങി എൻ.കെ.അക്ബർ എം.എൽ.എ.

തൃശൂർ: കേരളത്തിൽ നടപ്പാത ഉപയോഗിക്കുന്ന കാൽനടയാത്രികരുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് നിയമനിർമ്മാണം നടത്തുന്നതിന് നിയമസഭയിൽ ഗുരുവായൂർ എം.എൽ.എ. എൻ.കെ.അക്ബർ സ്വകാര്യ ബിൽ അവതരിപ്പിക്കും.

2026 ലെ കേരള നടപ്പാത ഉപയോഗിക്കുന്ന കാൽനടയാത്രക്കാരുടെ അവകാശ സംരക്ഷണ ബിൽ' എന്ന പേരിലാണ് ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നത്.

കേരളത്തിലെ നടപ്പാതകളിലൂടെ സുരക്ഷിതമായി നടക്കാനുള്ള അവകാശം സംരക്ഷിക്കുന്നതിനും,ലംഘനം ഉണ്ടായാൽ പരാതി പരിഹാര സംവിധാനം രൂപീകരിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതാണ് ഈ ബിൽ.

ഒക്ടോബർ 12ന് തുടങ്ങിയ നിയമസഭാ സമ്മേളനത്തിൽ ഒക്ടോബർ 16, വെള്ളിയാഴ്ച എൻ.കെ.അക്ബർ എം.എൽ.എ. ബിൽ നിയമസഭയിൽ അവതരിപ്പിക്കും.

റോഡുകളിൽ, നടപ്പാതകൾ സൃഷ്ടിക്കണമെന്നും നടപ്പാതകളിലെ കാൽനടയാത്രക്കാരുടെ സംരക്ഷണം ഉറപ്പുവരുത്തണമെന്നുമുള്ള സുപ്രീം കോടതിയുടെയും കേരള ഹൈക്കോടതിയുടെയും ഈയിടെയുണ്ടായ വിധികളുടെ പശ്ചാത്തലത്തിലാണ് എൻ.കെ. അക്ബർ എം.എൽ.എ. നിയമസഭയിൽ ഈ ബിൽ അവതരിപ്പിക്കുന്നത്. നിലവിലുള്ള വാഹന കേന്ദ്രീകൃത നിയമത്തിൽ നിന്നുള്ള വ്യക്തമായ വ്യതിചലനമായാണ് മേൽപ്പറഞ്ഞ വിധികൾ വിലയിരുത്തപ്പെടുന്നത്.

എം.എൽ.എ. അവതരിപ്പിക്കാനിരിക്കുന്ന ബിൽ നിയമസഭ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

രാജ്യാന്തര മെഡൽ ജേതാക്കളുടെ നിയമന പദ്ധതിയിൽ ഫൗൾ

തൃശൂർ: രാജ്യാന്തര സ്പോർട്സ് ഇനങ്ങളിലെ മെഡൽ ജേതാക്കളെ സംസ്ഥാന സർക്കാർ സർവീസിൽ നിയമിക്കുന്ന പദ്ധതിയിൽ പിഎസ്സി നിയമന തട്ടിപ്പിനെ വെല്ലുന്ന നടപടികളെന്ന പരാതിയുമായി ഇന്റർനാഷണൽ സ്പോർട്സ് താരങ്ങൾ.

ഏഷ്യൻ ഗെയിംസ് അടക്കമുള്ള രാജ്യാന്തര മൽസരങ്ങളിൽ ഓട്ടുമെഡൽവരെ നേടുന്ന കേരളീയരായ താരങ്ങളിൽ നിന്ന് ഓരോ വർഷവും അമ്പത് ഇന്റർനാഷണൽ താരങ്ങളെ നിയമിക്കുന്ന പദ്ധതിയിലാണ് അട്ടിമറി ആരോപണം. നിയമനത്തിനുള്ള അപേക്ഷ ക്ഷണിച്ചതിലടക്കം ദുരൂഹതയുണ്ട്.

താരങ്ങൾ, പരിശീലകർ, സ്പോർട്സ് കൗൺസിൽ എന്നിവരെ അറിയിക്കാതെയാണ് അപേക്ഷ ക്ഷണിച്ചതെന്നാണു പ്രധാന പരാതി. 2020 മുതൽ 2024 വരെ അഞ്ചു വർഷത്തേക്ക് 243 ഒഴിവുകളിലേക്കുള്ള നിയമനങ്ങൾക്കായാണ് ഒറ്റയടിക്ക് ആരും കാണാത്ത ഗസറ്റ് അസാധാരണ പതിപ്പിലൂടെ അപേക്ഷ ക്ഷണിച്ചത്. നിയമസഭാ തെരഞ്ഞെടുപ്പു പ്രഖ്യാപനത്തിനു തൊട്ടു മുമ്പാണു സംഭവം. മാർച്ച് ആറിന് അന്നത്തെ മുഖ്യമന്ത്രിയുടെ കീഴിലുള്ള പൊതുഭരണ വകുപ്പു സെക്രട്ടറിയുടെ വിജ്ഞാപനം മാർച്ച് ഏഴിന് 1038-ാം നമ്പരായി ഗസറ്റ് അസാധാരണ പതിപ്പായാണ് അപേക്ഷ ക്ഷണിച്ചത്.

മുൻകാലങ്ങളിൽ സ്പോർട്സ് കൗൺസിൽ വെബ് സൈറ്റ്, സ്പോർട്സ് കൗൺസിലുകൾ എന്നീ മാർഗങ്ങളിലൂടെ ഇത്തരം വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കാറുണ്ട്. എന്നാൽ ഈ വിജ്ഞാപനം മറ്റൊരിടത്തും പ്രസിദ്ധീകരിക്കാതെ രഹസ്യമാക്കിയെന്നാണു ഇന്റർനാഷണൽ സ്പോർട്സ് താരങ്ങളുടെ പരാതി. അസാധാരണ ഗസറ്റിലൂടെ അപേക്ഷ ക്ഷണിച്ചെന്ന വിവരം മനസിലാക്കി അപേക്ഷിക്കാൻ ഭരണത്തിൽ സ്വാധീമുള്ള ചിലർക്കു മാത്രമേ കഴിഞ്ഞുള്ളൂ. ഇങ്ങനെ അപേക്ഷിച്ചവരിൽ ചിലർക്കു നിയമനത്തിനായി സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ നടപടികൾ ആരംഭിക്കുകയും ചെയ്തു. വേണ്ടത്ര മുന്നറിയിപ്പോടെ നോട്ടീസ് നൽകാത്തതിനാൽ ദേശീയ, രാജ്യാന്തര മൽസരങ്ങളിൽ പങ്കെടുക്കുന്നവർക്കും യൂണിവേഴ്സിറ്റി പരീക്ഷകൾ എഴുതുന്നവർക്കും നിശ്ചിത തീയതിയിൽ സർട്ടിഫിക്കറ്റ് വെരിഫിക്കേഷനു പോകാൻ കഴിയാത്ത അവസ്ഥയുമുണ്ടായി.

ഒളിമ്പിക്സ്, ലോകകപ്പ്, ലോക യൂണിവേഴ്സിറ്റി ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ്, സാഫ് ഗെയിംസ് തുടങ്ങിയ മൽസരങ്ങളിൽ ഇന്ത്യയെ പ്രതിനിധാനം ചെയ്ത് മൂന്നാം സ്ഥാനംവരെ നേടിയവർക്കാണ് യോഗ്യത. വർഷത്തിൽ 50 തസ്തികകളിൽ 48 തസ്തികകളും ഈ വിഭാഗത്തിലുള്ളവർക്കുള്ളതാണ്. രണ്ടു തസ്തികകൾ സ്പോർട്സ് കൗൺസിൽ അംഗീകരിച്ച കായികയിനങ്ങളുടെ ദേശീയ, അഖിലേന്ത്യ അന്തർ സർവകലാശാല മൽസരങ്ങളിൽ മൂന്നാം സ്ഥാനം വരെ നേടിയവർക്കുള്ളതാണ്. വടംവലി, കളരിപ്പയറ്റ്, യോഗ, പഞ്ചഗുസ്തി, മൗണ്ടനീറിംഗ് തുടങ്ങിയവയെല്ലാം ഈ വിഭാഗത്തിലുണ്ട്. ഇന്റർനാഷണൽ മൽസര ഇനമായ സെപക്താക്രയും സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പട്ടികയിൽ ഉൾപെടുത്തിയിട്ടുണ്ട്. അമ്പത്തയ്യായിരം രൂപ അടിസ്ഥാന ശമ്പളം ആരംഭിക്കുന്ന അസിസ്റ്റന്റ് എൻജിനിയർ, ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സർജൻ, സ്റ്റേറ്റ് ടാക്സ് ഓഫീസർ, 39,300 രൂപ അടിസ്ഥാന ശമ്പളം ആരംഭിക്കുന്ന സെക്രട്ടേറിയറ്റ് അസിസ്റ്റന്റ്, 26,500 രൂപ അടിസ്ഥാന ശമ്പളം ആരംഭിക്കുന്ന എൽഡി ക്ലർക്ക് തുടങ്ങിയ തസ്തികകളിലേക്കാണു നിയമനമെന്ന് വിജ്ഞാപനത്തിൽ പറയുന്നു.

വേൾഡ് ബ്ലൈൻഡ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പിൽ സ്വർണം നേടിയ ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ ക്യാപ്റ്റനും മലയാളിയുമായ (പുതുക്കാട് സ്വദേശിനി സാന്ദ്ര) താരത്തിനുപോലും അവസരം നഷ്ടപ്പെട്ടു. 2020 മുതൽ 2024 വരെയുള്ള കാലഘട്ടത്തിൽ രാജ്യാന്തര മൽസരങ്ങളിൽ ഓട്ടുമെഡൽവരെ നേടിയവർക്ക് അപേക്ഷ സമർപ്പിക്കാൻ പരസ്യമായും സുതാര്യമായും അവസരം നൽകണം. നാടിനുവേണ്ടി പൊരുതി രാജ്യാന്തര മെഡൽ നേടിയവർക്കു സ്വന്തം നാട്ടിൽ ജോലി എന്ന സംസ്ഥാന സർക്കാരിന്റെ പദ്ധതി കൗശലപൂർവം അട്ടിമറിച്ചവർക്കെതിരേ അന്വേഷണവും വേണം.

അമലയിൽ ന്യൂക്ലിയർ മെഡിസിൻ വാരാചരണം

തൈറോയ്ഡ് സ്ക്രീനിംഗ് ക്യാമ്പ്

തൃശൂർ: അമല മെഡിക്കൽ കോളേജിൽ നടത്തിയ ന്യൂക്ലിയർ മെഡിസിൻ വാരാചരണത്തിന്റെയും തൈറോയ്ഡ് സ്ക്രീനിംഗ് ക്യാമ്പിന്റെയും ഉദ്ഘാടനം പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലക്ഷ്മി വിശ്വംഭരൻ നിർവഹിച്ചു. അമല ഡയറക്ടർ ഫാ. ജൂലിയസ് അറയ്ക്കൽ സി.എം.ഐ, ജോയിന്റ് ഡയറക്ടർ ഫാ. ഷിബു പുത്തൻപുരയ്ക്കൽ സി.എം.ഐ, ന്യൂക്ലിയർ മെഡിസിൻ മേധാവി ഡോ. സിബു ജേക്കബ്, എൻഡോക്രൈനോളജിസ്റ്റ് ഡോ. ശ്രീജിത്ത്, ഡോ. ഗോകുൽ, ഡോ. റോണി ജോർജ് എന്നിവർ പ്രസംഗിച്ചു. 100 പേർക്ക് സൗജന്യ ബ്ലഡ്, ടി. എഫ്. ടി ടെസ്റ്റുകളും നടത്തി.

നൈറ്റ് മാർച്ച് നടത്തി

ഇരിഞ്ഞാലക്കുട: ഇന്ത്യൻ ജനാധിപത്യം സംഘപരിവാറിനായി കശാപ്പ് ചെയ്ത ഇലക്ഷൻ കമ്മീഷന് എതിരെ ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഇരിഞ്ഞാലക്കുട കാട്ടൂർ ബ്ലോക്ക് കമ്മിറ്റികളുടെ നേതൃത്വത്തിൽ നൈറ്റ് മാർച്ച് നടത്തി ഇന്ത്യയിലെ ചീഫ് ഇലക്ഷൻ കമ്മീഷണർ ഗ്യാനേഷ് കുമാർ കുമാറിനെ പുറത്താക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും പാർലമെന്റിലെ പ്രതിപക്ഷ നേതാവും രാഹുൽ ഗാന്ധിക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ട് ഇരിഞ്ഞാലക്കുടയിൽ നടത്തിയ നൈറ്റ് മാർച്ച് മുൻ കെപിസിസി ജനറൽ സെക്രട്ടറിയും ഇരിഞ്ഞാലക്കുട മുൻസിപ്പൽ ചെയർമാനും കേരളത്തിലെ ചെയർമാൻമാരുടെ ചെയർമാനുമായ എം പി ജാക്സൺ ഉദ്ഘാടനം ചെയ്തു കെപിസിസി ജനറൽ സെക്രട്ടറി സോണിയ ഗിരി,ഡിസിസി ജനറൽ സെക്രട്ടറി ആന്റോ പെരുമ്പിള്ളി, ഡിസിസി ജനറൽ സെക്രട്ടറി സതീഷ് വിമലൻ, ഡിസിസി ജനറൽ സെക്രട്ടറി ടി വി ചാർലി, യൂത്ത് കോൺഗ്രസിന്റെ ഇരിഞ്ഞാലക്കുട നിയോജകമണ്ഡലം പ്രസിഡന്റ് സനൽ കല്ലൂക്കാരൻ കോൺഗ്രസ്സിന്റെ മണ്ഡലം പ്രസിഡന്റ്മാരായ ബാബു തോമസ് അഡ്വക്കറ്റ് ശശികുമാർ, പി കെ ഭാസി,വിൽസൺ, ബാസ്റ്റിൻ സിദ്ധാർത്ഥൻമഹിള കോൺഗ്രസിന്റെ ബ്ലോക്ക് പ്രസിഡന്റുമാരായ മോളി, ഗീത മനോജ് യൂത്ത് കോൺഗ്രസിന്റെ മണ്ഡലം പ്രസിഡണ്ടുമാർ ഐഎൻടിസി നേതാക്കന്മാർ എന്നിവർ നേതൃത്വം നൽകി ബ്ലോക്ക് പ്രസിഡണ്ട് സോമൻ ചിറ്റേത്ത് സ്വാഗതവും ഇരിഞ്ഞാലക്കുട മണ്ഡലം പ്രസിഡണ്ട് അബ്ദുൽ ഹഖ് മാസ്റ്റർ നന്ദിയും രേഖപ്പെടുത്തി

കോടതി പരസ്യം

ജോയിന്റ് ചിട്ടി രജിസ്ട്രാർ/നോമിനി ഓഫ് ജോ. ചിട്ടി രജിസ്ട്രാർ
കാര്യാലയം, ഉത്തരമദ്ധ്യമേഖല ചെമ്പൂക്കാവ്, തൃശ്ശൂർ – 20
ARB OP: 96/2026

പരാതിക്കാരൻ

ന്യൂവോ മില്ലേനിയം ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, ചെമ്പോട്ടിൽ ലൈൻ കെ.കെ വാരിയർ മെമ്മോറിയൽ ട്രസ്റ്റ് ബിൽഡിങ്ങ്, ഡോർ നമ്പർ 36/2556 തൃശ്ശൂർ എന്ന സ്ഥാപനത്തിനു വേണ്ടി ചെയർമാൻ/ഫോർമാൻ, ശ്രീ. സി.വി. ഫ്രാൻസീസ്, ചെറുവത്തൂർ മേച്ചേരി വർഗ്ഗീസ് മകൻ, കൂർക്കഞ്ചേരി വില്ലേജ് ദേശം, തൃശ്ശൂർ താലൂക്ക്

എതൃകക്ഷികൾ:

ശ്രീമതി പ്രീതി പ്രിൻസ് പേരാമംഗലം പ്രിൻസ് ഭാര്യ, പുതിയ മാത്തൂർ ദേശം, ചിറമനങ്ങാട് വില്ലേജ്, തലപ്പിള്ളി താലൂക്ക്, പി ഒ മരത്തംകോട്-680604

2) **ശ്രീ പ്രിൻസ് പി എൽ,** പേരാമംഗലം ലാസർ മകൻ, പുതിയ മാത്തൂർ ദേശം, ചിറമനങ്ങാട് വില്ലേജ്, തലപ്പിള്ളി താലൂക്ക്, പി ഒമരത്തം കോട്-680604

3) **ശ്രീമതി റഷീദ,** നാലകത്ത് സിദ്ദിഖ് ഭാര്യ. വാക ദേശം, എളവള്ളി വില്ലേജ്, ചാവക്കാട് താലൂക്ക്, പി ഒ വാക-680602

മേൽപറഞ്ഞ പരാതിക്കാരൻ 1982-ലെ ചിറ്റ് ഫണ്ട് ആക്ട് സെക്ഷൻ 64 പ്രകാരം വ്യവഹാരം ബോധിപ്പിച്ചിട്ടുള്ളതാണ്. ആയതിന്റെ ഹിയറിംഗ് **23-10-2026** തീയതി പകൽ 11 മണിക്ക് നിശ്ചയിച്ചിരിക്കുന്നതിനാൽ അന്നേ ദിവസം തൃശ്ശൂരിലെ ചെമ്പൂക്കാവിലുള്ള ജില്ലാ രജിസ്ട്രേഷൻ സമുച്ചയത്തിലെ ചിട്ടി ആർബിട്രേഷൻ ട്രിബ്യൂണൽ മുമ്പാകെ തർക്ക പരിഹാരത്തിനായി ആവശ്യമായ രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം ജപ്തി ഉൾപ്പടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

എന്ന്, 13-10-2026
ഹർജിഭാഗം അഡ്വക്കെറ്റ് :
ബബിൽ രമേഷ് (ഒപ്പ്)

കോടതി പരസ്യം

ബഹു. കുന്നംകുളം
കുടുംബ മുമ്പാകെ
IA: 9/2025
IA: 8/2025
OP. 866/2023

മുഹസിന സിദ്ദിഖ്, Rep. by മുക്ത്യാർ ഏജന്റ് അബീബ സിദ്ദിഖ്
-ഹരജിക്കാരി

1) ഷിബില യൂസഫ്, D/o. യൂസഫ്, കരുമത്തിപറമ്പിൽ ഹൗസ്, കല്ലിങ്ങൽ, പി ഒ വടക്കേക്കാട്

2) ഷിനാസ് ബാദുഷ, S/o. യൂസഫ്, കരുമത്തിപറമ്പിൽ ഹൗസ്, കല്ലിങ്ങൽ, പി ഒ വടക്കേക്കാട്
-എതൃകക്ഷികൾ

മേൽ നമ്പറിൽ എതൃകക്ഷികളുടെ പേരിലുള്ള നോട്ടീസ് പതിച്ചു നടത്തുവാൻ കല്പിച്ച് കേസ് **17-11-2026** തിയതിയിലേക്ക് വെച്ചിട്ടുള്ളതാണെന്ന വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 3-10-2026
ഹരജിഭാഗം അഡ്വക്കെറ്റ്
അക്തർ അഹമ്മദ്
(ഒപ്പ്)

അഡ്വ. വി. എൻ. നാരായണനും സഖാവ് മോഹനൻ അന്തിക്കാടും അടിയന്തരാവസ്ഥ കാലത്തെ രക്തസാക്ഷികൾ: അഡ്വ.വി. മുരുകദാസ്



കാഞ്ഞാണി: ഇന്ത്യൻ സോഷ്യലിസ്റ്റ് ജനതാദൾ നേതാക്കളായ അഡ്വ. വി. എൻ. നാരായണൻ, സഖാവ് മോഹനൻ അന്തിക്കാടിന്റെ അനുസ്മരണ സമ്മേളനം പാർട്ടി സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. വി. മുരുകദാസ് ഉദ്ഘാടനം ചെയ്തു. പാർട്ടി ജില്ലാ പ്രസിഡന്റ് അഡ്വ. സി. ടി. ജോഫി അധ്യക്ഷത വഹിച്ചു. വി. എൻ. നാരായണനും, സഖാവ് മോഹനൻ അന്തിക്കാടും അടിയന്തരാവസ്ഥക്കാത്തെ രക്തസാക്ഷികൾ ആണെന്ന് അഡ്വ. വി.മുരുകദാസ് പറഞ്ഞു. സംസ്ഥാന കമ്മിറ്റി അംഗങ്ങളായ ജോൺ വാഴപ്പള്ളി, രാഘവൻ മുളങ്ങാടൻ, പ്രകാശൻ മാസ്റ്റർ, കൗൺസിലർ സൗമ്യ പ്രതീഷ്,പ്രീജു ആന്റണി, രാജൻ ഐനിക്കുന്നൻ, പി.എം. ഉമേഷ്, കെ രഞ്ജിത്ത്, ആന്റോ മോഹൻ, തോമസ് തെറ്റയിൽ,ജോസഫ് ആളൂക്കാരൻ, സി. ടി. ഡേവിസ്, രാഹുൽ നായർ, ബാലകൃഷ്ണൻ,ജോർജ് അറക്കൽ, യു. ജെ. തോമസ്, കെ. കെ. പ്രകാശ് കുമാർ,സി. ഡി. ഔസേപ്പ്, തങ്കപ്പൻ,ഹൈദ്രോസ്, ദിജിത്ത് പി. ബി., മനു. പി. ബി, ജിഷ്ണു എന്നിവർ പങ്കെടുത്തു സംസാരിച്ചു.

കോടതി പരസ്യം

ബഹു. പാലക്കാട്
MACT കോടതി മുമ്പാകെ
O.P. (M.V) 2518/2023
IA /2026

Chandran Solaman.A
-ഹരിജിക്കാരൻ

Sajitha.P, W/o.Vijayan Koundathara, Pallassanan P.O., Palakkad
-1-ാം എതൃകക്ഷി

മേൽ നമ്പറിലെ 1-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കല്പന പതിച്ചുനടത്തുവാൻ കല്പിച്ച് കേസുകാര്യം **30-01-2027** തീയ്യതിക്ക് വെച്ചിരിക്കുന്ന വിവരം അറിയിച്ചു കൊള്ളുന്നു.

എന്ന്, 13-10-2026
ഹരിജിക്കാരൻ ഭാഗം
അഡ്വക്കേറ്റ്
എ. മനോജ് കുമാർ (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശ്ശൂർ
കുടുംബ കോടതി
മുമ്പാകെ
OP: 97/2026

തൃശ്ശൂർ ജില്ല, തൃശ്ശൂർ താലൂക്ക് വിയ്യൂർ വില്ലേജ്, ഗ്രീൻ പാർക്ക് ദേശം പാട്ടുരായ്ക്കൽ പി.ഒ. 680022, കൈമ' പള്ളിമഞ്ഞാലിൽ അബൂബക്കർ മകൾ 37 വയസ്സ് ഫൗസിയ അബൂബക്കർ
-ഹർജിക്കാരി

തൃശ്ശൂർ ജില്ല, തൃശ്ശൂർ താലൂക്ക് ചെമ്പൂക്കാവ് വില്ലേജ്, ചെമ്പൂക്കാവ് മന ലെയിൻ ദേശം, ചെമ്പൂക്കാവ് പോസ്റ്റ് പിൻ-680 020 'സുറുമ' വടക്കേവീട്ടിൽ അബ്ദുൾ ലത്തീഫ് മകൻ 41 വയസ്സ് ആദിൽ അബ്ദുൾ ലത്തീഫ്
-എതൃകക്ഷി

പത്രപരസ്യം

മേൽനമ്പർ ഹർജിയിൽ എതൃകക്ഷിക്കുള്ള നോട്ടീസ് പതിച്ച് നടത്തുവാൻ കല്പിച്ച് കേസ് **23-10-2026** തിയ്യതിയിലേക്ക് വിചാരണയ്ക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു. മേൽകാര്യത്തിൽ ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേ ദിവസം രാവിലെ 11 മണിക്ക് കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം മേൽ നമ്പർ ഹർജി നിങ്ങളെ കൂടാതെ തീർച്ചപ്പെടുത്തുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 13-10-2026
ഹരജിഭാഗം അഡ്വക്കെറ്റ്
ബിലു കെ. ചന്ദ്രൻ (ഒപ്പ്)

കോടതി പരസ്യം

ബഹു,കുന്നംകുളം
കുടുംബ കോടതി
മുമ്പാകെ
OP 296/2026

മുംതാസ്, 47 വയസ്സ്, D/o അബ്ദുൾ എൻ എം, നാലകത്ത് മഞ്ഞിയിൽ ഹൗസ്, പാവറട്ടി പി.ഒ, പാവറട്ടി വില്ലേജ്, ചാവക്കാട് താലൂക്ക്, പിൻ 680507
-ഹർജിക്കാരി

ഷാഹുൽ ഹമീദ്, 60 വയസ്സ്, S/o ബീരാവു മമ്മസ്രായില്ലത്ത് വീട്ടിൽ, തൊയക്കാവ് പി.ഒ, പിൻ - 680513 വെങ്കിടങ്ങ് വില്ലേജ്, ചാവക്കാട് താലൂക്ക് (പെരിന്തൽമണ്ണ പോലീസ് സ്റ്റേഷൻ)
-എതൃകക്ഷി

മേൽ നമ്പറിൽ എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ച് നടത്തുവാൻ കല്പ്പിച്ച് കേസ്സ് **11-11-2026** തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു. അന്നേ ദിവസം എതൃകക്ഷി നേരിട്ടോ അഡ്വക്കേറ്റ് മുഖാന്തിരമോ ഹാജരാകേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പർ കേസ് തീർപ്പ് കൽപ്പിക്കുന്നതാണന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന് ,
ഹർജിഭാഗം അഡ്വക്കേറ്റ്
ELSA U AMBRAIL
(ഒപ്പ്)